**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :178**

**03.02.2020 ൽ മറുപടിക്ക്**

# വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കൊല്ലം ജില്ലയിൽ വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യത പഠന റിപ്പോർട്ട് പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | എ) സമർപ്പിച്ചിരുന്നു. |
| ബി) വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ ഉമയന്നൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ഉപാധിരഹിതമായി പോലീസ് വകുപ്പിന് നൽകാമെന്ന പഞ്ചായത്ത് സമിതി തീരുമാനം പോലീസ് അധികാരികൾക്ക് ലഭിച്ചിരുന്നോ; | ബി) വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് ഉമ്മന്നൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള 30 സെന്റ് സ്ഥലം വിട്ടു നൽകുന്നതിനുള്ള ഭരണസമിതിയുടെ തീരുമാനം 16.12.2017 തീയതിയിൽ കൊല്ലം റൂറൽ ജില്ലാ പോലീസ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. |
| സി) വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സഹായകരമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | സി) വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പോലീസ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിന് മുൻഗണന നൽകേണ്ടതിനാൽ ടി പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ